# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 7          30.11.2015 ൽ മറുപടിക്ക്

## ഡൽഹി കേരള ഹൗസ് വളപ്പിൽ കൊച്ചിൻ ഹൗസ് നിർമ്മാണം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.സി.കെ. സദാശിവൻ | | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) | ഡൽഹി കേരള ഹൗസ് വളപ്പിൽ കൊച്ചിൻ ഹൗസ് പുതുക്കി നിർമ്മിക്കുന്നതിനുള്ള ആദ്യ എസ്റ്റിമേറ്റ് തുക എത്രയായിരുന്നു; പണി പൂർത്തിയായപ്പോൾ മൊത്തം ചെലവ് എത്രയായി; | (എ) | ഡൽഹി കേരള ഹൗസ് വളപ്പിൽ കൊച്ചിൻ ഹൗസ് പുതുക്കി നിർമ്മിക്കുന്നതിനുള്ള ആദ്യ എസ്റ്റിമേറ്റ് തുക ഒന്നും രണ്ടും ഘട്ടങ്ങൾക്കായി 89,21,587/- രൂപയും, മൂന്നാം ഘട്ടത്തിന് 2,62,44,766/- രൂപയുമാണ്. പണി പൂർത്തിയായപ്പോൾ ഒന്നും രണ്ടും ഘട്ടങ്ങളുടെ ടെണ്ടർ അംഗീകരിച്ച തുക ഉൾപ്പെടെ 1,49,78,139 രൂപയും മൂന്നാം ഘട്ടത്തിന് ഇതുവരെ സമർപ്പിച്ച ബില്ലിൽ ടെണ്ടർ അംഗീകരിച്ച തുക ഉൾപ്പെടെ 1,91,40,882 രൂപയുമാണ്. മുകളിൽ വിവരിച്ച ബിൽ തുക ഉൾപ്പെടെ സിവിൽ വർക്കിന് ആകെ 2,62,39,833/- രൂപയാണ് ചെലവായത്. |
| (ബി) | ആകെ എത്ര ചതുരശ്ര മീറ്ററിലാണ് കെട്ടിടം നവീകരിച്ചിട്ടുള്ളത്; ഒരു ചതുരശ്ര മീറ്ററിന് നവീകരണ ചെലവ് എത്ര; | (ബി) | 1360.46 ചതുരശ്ര മീറ്ററിലാണ് കെട്ടിടം നവീകരിച്ചിട്ടുള്ളത്. ഇതുവരെ ചെലവായ തുകയുടെ അടിസ്ഥാനത്തിൽ ഒരു ചതുരശ്ര മീറ്ററിന് 25,099/- രൂപ ചെലവായിട്ടുണ്ട്. |
| (സി) | ആഡംബര മുറികൾ മുഖ്യമന്ത്രി ഉൾപ്പെടെ ആർക്കെല്ലാം സജ്ജമാക്കിയിട്ടുണ്ട്? | (സി) | വി ഐ പി സ്യൂട്ടുകൾ താഴെപറയും പ്രകാരം സജ്ജമാക്കിയിട്ടുണ്ട്.<br>ഗവർണർ - ഒരു സ്യൂട്ട്<br>മുഖ്യമന്ത്രി (മുഖ്യമന്ത്രി ഇല്ലാത്തപ്പോൾ മറ്റ് മന്ത്രിമാർക്കും) } ഒരു സ്യൂട്ട്<br>സ്പീക്കർ, മന്ത്രിമാർ, പ്രതിപക്ഷ നേതാവ്, ഡെപ്യൂട്ടി സ്പീക്കർ, - ചീഫ് വിപ്പ്, ഹൈക്കോടതി ചീഫ് ജസ്റ്റിസ് } നാല് സ്യൂട്ടുകൾ<br>മുകളിൽ പറഞ്ഞിട്ടുള്ള പ്രമുഖരുടെ പേഴ്സണൽ സ്റ്റാഫിന് } രണ്ട് മുറികൾ |

സെക്ഷൻ ഓഫീസർ